**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത. വി. കുമാർ ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:
1. സാമൂഹ്യനീതി ഡയറക്ടറുടെ 15-12-2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 24-09-2023 തീയതിയിലെ DWCD/355/2022-ICDS A7 നമ്പർ ഉത്തരവ്
3. മലപ്പുറം പ്രോഗ്രാം ഓഫീസറുടെ 15-01-2025 തീയതിയിലെ DICDSC/MPM/10004/2022-B നമ്പർ കത്ത്

**ഉത്തരവ് നം. DWCD/280/2025-ICDS A7 തീയതി: 27-02-2025**

വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റ് അനുമതി നൽകുകയും, ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടത്തിൽ അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളായി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിരുന്ന നിലമ്പൂർ അഡീഷണൽ പ്രോജക്ടിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ 22-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് വഴിക്കടവ് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതിനാൽ ടി അങ്കണവാടിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും, പകരമായി ടി പഞ്ചായത്തിലെ 37-ാംനമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകുന്നതിലേയ്ക്കുമായി

പരാമർശം (3) പ്രകാരം മലപ്പുറം പ്രോഗ്രാം ഓഫീസർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നിലമ്പൂർ അഡീഷണൽ പ്രോജക്ടിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ 22-ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണാനുമതി റദ്ദ് ചെയ്തു കൊണ്ടും, പകരമായി ടി പഞ്ചായത്തിലെ 37-ാം നമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രോഗ്രാം ഓഫീസർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്/-)
**വനിത ശിശുവികസന ഡയറക്ടർ**

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ മലപ്പുറം
2. സിഡിപിഒ നിലമ്പൂർ അഡീഷണൽ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sunda

സൂപ്രണ്ട്